സ്വീകാര്യമായ നിലയിൽ ഈ ഗവൺമെന്റിന് പരിഹരിക്കാൻ കഴിഞ്ഞു. അവശേഷിക്കുന്ന കുറച്ച് ടെമ്പററി തൊഴിലാളികളുടെ പ്രശ്നമുണ്ട്. അതു ലേബർ കോടതിയുടെ പരിഗണനയ്ക്ക് വിടേണ്ടിവന്ന സാഹചര്യവും അങ്ങേയ്ക്കറിയാം. അതു പരിഹരിക്കാൻ നമ്മൾ ആവുന്നത്ര ശ്രമം നടത്തിയതാണ്. പക്ഷേ മൂവായിരത്തിലധികം യൂണിറ്റുകൾക്ക്, അതിന്റെ നമ്പറിൽ തന്നെ ഒരു സ്ഥിരത കണ്ടെത്താൻ കഴിഞ്ഞില്ല. ക്ലെയിം വന്നപ്പോൾ ആദ്യം മൂവായിരം എന്ന് പറയുകയും പിന്നീട് 1500 ആകുകയും ചെയ്തു. ഇങ്ങനെയുള്ള പല കാരണങ്ങൾ കൊണ്ട് അതു കോടതിക്കു വിടേണ്ടി വന്നു. ഇപ്പോൾ അതു കോടതിയുടെ പരിഗണനയിലാണ്. ആ സ്ഥലം വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ തയ്യാറാണെന്ന് മാനേജുമെന്റ് അറിയിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ തീർന്നില്ല. അവിടെ എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

(4) പേരൂർക്കട ഗവണ്മെന്റ് ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. മോഹൻകുമാർ : സർ, കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ആശുപത്രികളിൽ ഒന്നാണ് 19-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ പേരൂർക്കട ഗവൺമെന്റ് ആശുപത്രി. ഈ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പ്രതിദിനം 1500-ഓളം രോഗികളാണ് ഔട്ട് പേഷ്യൻസായി ഈ ആശുപത്രിയിൽ എത്തിച്ചേരുന്നത്. 337 കിടക്കകളും 33 ഡോക്ടർമാരുമുള്ള ഈ സ്ഥാപനത്തിൽ 24 മണിക്കൂർ കാഷ്വാലിറ്റിയും ട്രോമാ കെയർ യൂണിറ്റും വേണമെന്ന ജനകീയാഭിലാഷം മുമ്പും ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ തിക്കും തിരക്കും ഒഴിവാക്കുന്നതിന്റെ ഭാഗമായി നഗരപ്രാന്തത്തിലെ ഈ ആശുപത്രി ജില്ലാ ആശുപത്രി ആയി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. വാഹനാപകടം ക്രമാതീതമായ ഈ കാലത്ത്, ഉച്ചയ്ക്കുശേഷം അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാത്ത ഈ ആശുപത്രിയുടെ ശാപമോക്ഷത്തിനായി മുൻമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ എടുത്ത തീരുമാനങ്ങൾ ഒരു ഫയലായി സെക്രട്ടേറിയറ്റിൽ മോക്ഷം കിട്ടാതെ അലയുകയാണ്. ഏഴ് കിലോമീറ്ററിനുള്ളിൽ ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രിയും ഉള്ള പത്തനംതിട്ട, കോഴഞ്ചേരി മാതൃകയിൽ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണം. എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും ട്രോമാകെയർ യൂണിറ്റും അനുവദിക്കണമെന്നുമുള്ള ആവശ്യം ഒരിക്കൽക്കൂടി ഞാൻ ഈ സഭയുടെ അനുകൂലമായ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട കെ. മോഹൻകുമാർ ഇവിടെ പറഞ്ഞ കാര്യങ്ങളോട് എനിക്ക് എതിർപ്പില്ല. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ഹെൽത്ത് മിനിസ്റ്ററായിരുന്ന കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിനെ റഫറൽ ഹോസ്പിറ്റൽ ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തതാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി പെരിഫെറൽ ഹോസ്പിറ്റൽ നന്നാക്കുന്നതിനുള്ള ചില കാര്യങ്ങളുമായി മുമ്പോട്ടുപോയി. ആ പെരിഫെറൽ ഹോസ്പിറ്റലുകൾ അന്നത്തെ സിസ്റ്റമനുസരിച്ച് ഇപ്പോഴും നന്നായി നടക്കുന്നുണ്ട്. ചിലത് ഇതിന്റെ സ്റ്റാൻഡേർഡിലേക്കു വന്നിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 1888-ൽ സ്ഥാപിതമായ 337 കിടക്കകളുള്ള പേരൂർക്കട ഗവണ്മെന്റ് ആശുപത്രിയെ 16-11-2004-ൽ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ജില്ലാ ആശുപത്രിയുടെ പദവിയിലേക്ക് ഉയർത്തുന്നതിനുവേണ്ടി തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള ശുപാർശകൾ 25-8-2005-ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. മേൽപ്പടി ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ മുഴുവൻ സമയവും അത്യാഹിതവിഭാഗം പ്രവർത്തിപ്പിക്കുന്നതിനായി 16-ൽ അധികം തസ്തികകൾ സൃഷ്ടിക്കാനുള്ള ശുപാർശ 27-8-2005-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ഗവൺമെന്റിന്റെ ധനസ്ഥിതി ആണ് പ്രധാന പ്രശ്നം. അതിന്റെ പരിമിതിക്കകത്തു നിന്നുകൊണ്ട് ആകുന്ന എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

(5) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. എൻ. രാജൻ: സർ, എന്റെ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വളരെ ശോച്യാവസ്ഥയിലാണ്. അവിടെ ആശുപത്രി വികസന സമിതിയൊന്നും കൂടാറില്ല. അവിടെ ഡോക്ടർമാരുടെ സ്ട്രെങ്ത് ആറാണ്. അതിൽ മൂന്ന് പേർ ഹയർ സ്റ്റഡീസിനു പോയി. അവശേഷിക്കുന്ന മൂന്ന് പേരിൽ ഒരാളെ പി.എച്ച്. സെന്ററിലേയ്ക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്. പിന്നെ രണ്ട് പേരാണുള്ളത്. അവിടെ നൂറുകണക്കിനു രോഗികൾ ദിവസവും വന്നുപോകാറുണ്ട്. ആവശ്യത്തിനു മരുന്നോ സ്റ്റാഫോ മറ്റ് സഹായങ്ങളോ ഒന്നുമില്ലാത്ത, വളരെ ശോച്യാവസ്ഥയിൽ ഉള്ള ഈ ആശുപത്രിയെ കാഷ്വാലിറ്റി സർവ്വീസുള്ള ആശുപത്രിയാക്കണം. അവിടെ കാൾ ഡ്യൂട്ടി സർവ്വീസുണ്ടെന്നാണ് പറയുന്നത്. എന്നാൽ അതിനുള്ള ഡോക്ടർമാർ അവിടെയില്ല. അതിനെ ഒരു കാഷ്വാലിറ്റി സർവ്വീസ് ആക്കണമെങ്കിൽ എട്ട് ഡോക്ടർമാരുടെ പ്രാതിനിധ്യം വേണം. രണ്ട് ഡോക്ടർമാരെക്കൂടി നിയമിച്ച്, ഡേ ആന്റ് നൈറ്റ് സർവ്വീസുള്ള, കാഷ്വാലിറ്റി സർവ്വീസുള്ള ഒരു ആശുപത്രിയാക്കി അതിനെ ഉയർത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ആറ് ഡോക്ടർമാരുടെ തസ്തികയാണുള്ളത്. ഇതിൽ രണ്ട് സിവിൽ സർജന്മാരും നാല് അസിസ്റ്റന്റ് സർജന്മാരുമുൾപ്പെടെ ആറ് പേർ ജോലി ചെയ്തു വരുന്നുണ്ട്. ഒരു ഗൈനക്കോളജിസ്റ്റ്, ഒരു ഇ.എൻ.റ്റി. സർജൻ, ഒരു ഒഫ്താൽമോളജി സ്പെഷ്യലിസ്റ്റ് എന്നിവർ ഉൾപ്പെടുന്ന ഈ സ്ഥാപനത്തിൽ ദിവസവും 300 രോഗികൾ ഒ.പി. വിഭാഗത്തിൽ വരുന്നുണ്ട്. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള 52 കിടക്കകളുള്ള

LIBRARY ARCHIVES Kerala Legislative Assembly